# താളുകൾ

## (GHSS ATTENGANAM
## LITTLE KITES MAGAZINE 2020)

## നമ്മുടെ സ്കൂൾ : GHSS അട്ടേങ്ങാനം



# ആമുഖം

അട്ടേങ്ങാനം ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ ലിറ്റിൽ കൈറ്റ്സ് മാഗസിൻ ഏറെ പരിമിതികൾക്കുള്ളിൽ നിന്ന് കൊണ്ട് ഉണ്ടായതാണ്. കുട്ടികളുടെ പ്രഥമ സംരംഭമായ താളുകൾ എന്ന മാഗസിൻ നിങ്ങൾ എല്ലാവരും സ്വീകരിക്കുമെന്ന വിശ്വാസത്തോടെ ഇത് സമർപ്പിക്കട്ടെ.......

# <u>പത്രാധിപ സമിതി</u>

ചീഫ് എഡിറ്റർ: നിർമല എൻ കെ (ഹെഡ്മാസ്റ്റർ )

എഡിറ്റർ : രാജൻ കെ (ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ )

സ്റ്റുഡന്റ് എഡിറ്റർ : അഞ്ജിത എം

<u>അംഗങ്ങൾ :</u>

ഡിക്സി എം യു (സീനിയർ അസിസ്റ്റന്റ് )

വിജിഷ കെ കെ (കൈറ്റ് മിസ്ട്രസ് )

സീന എ

ഷൈമ വി വി

വീണ വി

ലാവണ്യ മനോജ്

# എഡിറ്റോറിയൽ ടീം

ഫാതിമത്തുൽ ഹസ്ന

സീതാലക്ഷ്മി

വിജയശ്രീ എം

അഞ്ജിത എം

ആംവിൻ റോയ്

ആശംസകളോടെ : അട്ടേങ്ങാനം ടീം

Principal, Head Mistress &P TA President .....

# ഉള്ളടക്കം


(1) ഉയർത്തെഴുന്നേറ്റ നാട് 7

(2) ക്വിറ്റ് ഇന്ത്യാ സമരം 8

(3) കഥ: അനാഥത്വത്തിൻെറ തീച്ചൂളകൾ 10

(4) ആസ്വാദനക്കുറിപ്പ്: റോബിൻസൺ ക്രൂസോ 11

(5) സ്നേഹത്തിൻെ നിറകുടം 16

(6) കവിത: അമ്മ 17

(7) ക്വിറ്റ് ഇന്ത്യാ സമരം 18

(8) സമ്പാദനം

- (1) സൗഹൃദം 20
- (2) ചുഴ 21
- (3) പെണ്ണ് 22
- (4) നാണം 23

(9) ഉപന്യാസം: ഈ പ്രകൃതിയും നാമും 24

# ഉയർത്തെഴുന്നേറ്റ നാട്

മലകൾ വെള്ളപ്പൊതപ്പിട്ട് കിടന്നുറങ്ങുകയാണ്. അവയെ ഉയർത്തുവാൻ മലകൾക്കിടയിലൂടെ സൂര്യൻ ഉയർന്നുവരുന്നു. എന്നാലതെല്ലാം ഒരു സ്വപ്നം മാത്രം. ഈ സ്വപ്നം മാറ്റിയത് 2018 ആഗസ്റ്റിൽ വന്നെത്തിയ പ്രളയമാണ്. അപ്പ എന്ന എട്ടു വയസ്സുകാരൻെ റ ഒരു ചെറിയ കഥയാണ് പ്രളയം.

ഒരിടത്തൊരു സ്വർഗ്ഗമുണ്ടായിരുന്നു. അവിടെ

ഉള്ളവർ ആ സ്വർഗ്ഗം പൊന്നുപോലെ പരിപാലിച്ചിരുന്നു. എന്നാൽ ആ സ്വർഗ്ഗത്തിലേക്ക് കുറേ ചെകുത്താൻ കയറിവന്നു. അവർ ആ സ്വർഗ്ഗത്തെ

ചൂഷണം ചെയ്തു. ആ ചൂഷണത്തിൽ പച്ചവിരിച്ചുനിന്ന ആ സ്വർഗ്ഗം മരുഭൂമിയായപ്പോൾ ചെകുത്താൻമാർക്ക് തിരിച്ചടിയായി ഒരു മഹാപ്രളയം അവരെ തേടിവന്നു. ആ പ്രളയത്തിൽ ചെകുത്താൻമാരുടെ മനസ്സിൽ നിറഞ്ഞ മാലിന്യങ്ങൾ ആ പുണ്യജലത്തിൽ ഒലിച്ചുപോയി. പിന്നെ ആ മരുഭമി വീണ്ടും സ്വർഗ്ഗമായിമാറി. സ്വപ്നങ്ങളെല്ലാം തിരിച്ചുപിടിക്കുകയാണ് അവർ. വേദനാജകമായ അനുഭവങ്ങൾ സമ്മാനിച്ച ആ പ്രളയം നല്ലൊരു നാളേക്ക് സാക്ഷ്യം വഹിച്ചു. കേരളം ഉയർത്തെഴുന്നേൽക്കുകയാണ് നല്ല നാളേക്കുവേണ്ടി.

ഗോപിക ജി.8B

# കിറ്റ് ഇന്ത്യാ സമരം

ബ്രിട്ടീഷ് ഭരണത്തിനെതിരായി ഇന്ത്യയിലുണ്ടായ പ്രധാനപ്പെട്ട ബഹുജനസ മരമാണ് ക്വിറ്റിന്ത്യാ സമരം. 1942 ആഗസറ്റ് 8-ന് ബോംബയിൽ നടന്ന അഖിലേന്ത്യാ കോൺഗ്രസ് സമ്മേളനത്തിലാണ് ക്വിറ്റ് ഇന്ത്യാ സമരം പ്രഖ്യാപിച്ചത്. എല്ലാ അധികാരവും ഇന്ത്യക്കാർക്ക് കൈമാറി ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. ഗാന്ധിജി തൻ്െപ്രസംഗത്തിൽ ഇപ്രകാരം ആഹ്വാനം ചെയ്തു. 'സ്വാതന്ത്ര്യത്തിൽ കുറഞ്ഞ യാതൊന്നും വേണ്ട, ഇതാ ഒരു മന്ത്രം , കൊച്ചു മന്ത്രം ഞാൻ നിങ്ങൾക്കുതരുന്നു. അത് നിങ്ങളുടെ ഹൃദയത്തിൽ പതിപ്പിക്കണം. നിങ്ങളുടെ ഓരോ ശ്വാസവും അതിന് ആവിഷ്കാരം നൽകണം. ആ മന്ത്രം ഇതാണ് പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക. നാം ഇന്ത്യയെ സ്വതന്ത്രമാക്കും അല്ലെങ്കിൽ മരിക്കും.'

കോൺഗ്രസിലെ ഒട്ടുമിക്ക നേതാക്കളെയും അറസ്റ്റ് ചെയ്തു. പൂനയിലെ ആഗാഖാൻ കൊട്ടാരത്തിലെ ജയിലിലാണ് ഗാന്ധിജിയേയും ഭാര്യ കസ്തൂർബയെയും പാർപ്പിച്ചത്. ജയിൽ വാസത്തിനിടയിൽ 1944 ഫ്രെബ്രുവരി 22 ന് കസ്തൂർബാഗാന്ധി മരിച്ചു. ജയിൽ വളപ്പിൽ തന്നെ ശവം സംസ്കരിച്ചു. ഒളിവിൽ കഴിഞ്ഞുകൊണ്ട് അരുണാ ആസഫ് അലി, ജയപ്രകാശ് നാരായൻ ഉടങ്ങിയവർ നേതൃത്വം നൽകി. അരുണാ ആസഫ് അലിയെ ക്വിറ്റ് ഇന്ത്യാ സമരനായിക എന്ന് ഗാന്ധിജി വിശേഷിച്ചു.

നേതാക്കളുടെ അറസ്റ്റിൽ പ്രതിഷേധിച്ചു കൊണ്ട് നാടൊട്ടുക്കും പ്രകടനം, ഹർത്താലുകൾ, കരിദിനം മുതലായവ നടന്നു. പ്രധിഷേധം ക്രമേണ കലാപങ്ങളായിമാറി. റെയിൽവെ സ്റ്റേഷനുകൾ നശിപ്പിച്ചു.

തീവണ്ടികൾ കത്തിച്ചു. സർക്കാരാഫീസുകൾ ചുട്ടുചാമ്പലാക്കി. വാർത്താവിനിമയ ബന്ധങ്ങൾ തകരാറിലാക്കി. തൊഴിലാളികൾ ഫാക്ടറികൾ വിട്ടിറങ്ങി. വിദ്യാർത്ഥികൾ ക്ലാസുകൾ ബഹിഷ്കരിച്ചു.ബ്രിട്ടീഷ് ഗവൺമെൻറ്റ് അതിക്രൂരമായി അമർച്ച ചെയ്തു.

1942 ആഗസ്റ്റ് 9 ന് ഹർത്താൽ ആചരിച്ചു കൊണ്ടാണ് ക്വിറ്റ് ഇന്ത്യാ സമരം ആരംഭിച്ചത്. ഇതിൽ പങ്കെടുത്ത എം.പി. നാരായണ മേനോൻ, കെ കേളപ്പൻ, ഇ മൊയ്തു മൗലവി, എ.വി കുട്ടിമാളുവമ്മ തുടങ്ങിയവരെ അറസ്റ്റുചെയ്തു. ആഗസ്റ്റ് 9'ക്വിറ്റ് ഇന്ത്യാ ദിന' മായി ആചരിച്ചുവരുന്നു.

കീർത്തന 8B

# കഥ: അനാഥത്വത്തിൻെറ തീച്ചൂളകൾ

സന്ധ്യ മയങ്ങുകയായി. ദൂരെ നീലസാഗരത്തിൽ പകൽ ഒടുങ്ങുകയായി.അനന്തമായ സാഗരത്തിൽ കണ്ണുംനട്ടിരിക്കുകയാണ് ഉണ്ണി. ഒരു അഞ്ചുവയസ്സുകാരൻ തൻെ പ്രായത്തിലുള്ള കുട്ടികൾ സ്കൂളിൽ പോയിവരുന്നത് നോക്കി നിൽക്കുന്നു. അവൻെ അച്ഛൻ അതിരാവിലെ കടലിൽ പോയിട്ട് ഇതുവരെ മടങ്ങിവന്നിട്ടില്ല. വീട്ടിൽ ഒരുപിടിയരിയില്ല, ആകാശത്തിലേക്ക് നോക്കി കണ്ണുതുടച്ചു. ദൂരെ ഒരുപാട് കുട്ടികൾ കളിക്കുന്നുണ്ട്. തനിക്കും പോകണം. എന്നാൽ അവർ കൂട്ടുമോ? ഇല്ല. എല്ലാം പണക്കാരുടെ മക്കൾ. ഒരിക്കൽ തനിക്കും പണം വരും എന്നവൻ ഓർത്തു. എന്നാലും അച്ഛനെന്താ ഇത്ര വൈകുന്നത്.പെട്ടെന്ന് ആകാശം ഇരുണ്ടു, ഇടിയും മിന്നലും കാറ്റുമായി മഴ പെയ്തിറങ്ങി. ഉണ്ണി തൻെ കുടിലിലേക്ക് ഓടിക്കയറി. ഈ അന്തരീക്ഷം അവന് സുപരിചിതമാണ്. എന്നാൽ ഇന്നെന്താണ് മനസ്സിൽ ഒരുപേടി. അവൻ കുടിലിൻെ മൂലയിൽ പായവിരിച്ചു. അവൻ അറിയാതെ ഉറങ്ങിപ്പോയി. വീണ്ടും ഒരു സുപ്രഭാതം കൂടി വന്നു. സൂര്യൻ എത്തിനോക്കി. ചിന്നു ഓടി വരുന്നു. ഉണ്ണിയുടെ കളിക്കൂട്ടുകാരിയും അനിയത്തിയുമാണ് അവൾ. അവൾ പരിഭ്രമിച്ച് ഒാടിവരുന്നതുകണ്ട് ഉണ്ണി കാര്യം തിരക്കി. 'ഇന്നലെ കടലിൽ പോയവരില്ലെ, അച്ഛൻ അടക്കം', അവൻ പൊട്ടിക്കരഞ്ഞു. ഇനി തനിക്കാരുമില്ല എന്ന് ഉറക്കെ ചൊല്ലി. സൂര്യൻ അവനെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു. അവൻ കണ്ണുപൊത്തി. ആകാശത്തേക്ക് വിതുമ്പിക്കൊണ്ട് നോക്കി. സന്ധ്യ മയങ്ങുന്നുണ്ടായിരുന്നു.

**നവ്യശ്രീ കെ .8B**

# ആസ്വാദനക്കുറിപ്പ്: റോബിൻസൺ ക്രൂസോ

മലയാളം ക്ലാസിലെ രമേശൻമാഷിന്റെ ചില വാക്കുകൾ എന്നെ വല്ലാണ്ട് ആകർഷിച്ചു. മാഷ് സൂചിപ്പിച്ച ആ പുസ്തകം വായിക്കണമെന്ന ആഗ്രഹത്താൽ ഒരുപാട് നേരത്തെ അന്വേഷണത്തിനു ശേഷമാണ് റോബിൻസൺ ക്രൂസോയിലെ കൗതുകകാഴ്ചകളിലേക്ക് ഒരു ജിജ്ഞാസയോടെ ഞാൻ കടന്നുചെന്നത്.

കടലും കപ്പലും യാത്രകളും നിറഞ്ഞ ഒരു ജീവിതത്തിൽ നിന്നും കപ്പൽച്ചേതം വന്ന് ഏകാന്തമായൊരു തെക്കേ അമേരിക്കൻ ദ്വീപിലകപ്പെട്ട റോബിൻസൺ ക്രൂസോയുടെ കഥയാണ് ഇംഗ്ലീഷ് നോവലിസ്റ്റും ഗ്രന്ഥകാരനുമായ ഡാനിയൽ ഡിഫോ പറയുന്നത്.

മാതാപിതാക്കളുടെ എതിർപ്പ് വകവയ്ക്കാതെ സമുദ്രയാനത്തിനിറങ്ങി കടൽ കൊള്ളക്കാരുടെ പിടിയിൽപ്പെട്ട് പിന്നീടൊരു പോർച്ചുഗീസ് കപ്പിത്താന്റെ സഹായത്തോടെ രക്ഷപ്പെട്ട് ബ്രസീലിൽ തോട്ടമുടമയായി മാറിയ നാവികനാണ് ക്രൂസോ. അങ്ങനെ കഴിയുമ്പോൾ ആഫ്രിക്കയിൽ നിന്ന് അടിമകളെ പിടിച്ചുകൊണ്ടുവരാനുള്ള പദ്ധതിയിൽ ക്രൂസോ ചേർന്നു. പക്ഷെ അടിമകൾക്കുവേണ്ടിയുള്ള ആ യാത്രയിൽ കപ്പൽ തകർന്ന് ഒരു വിജനദ്വീപിൽ അകപ്പെടുന്നു. തകർന്ന കപ്പലിൽ നിന്ന് തോക്കും വെടിമരുന്നും ബൈബിളുമെല്ലാം സംഘടിപ്പിക്കുന്ന ക്രൂസോ ആ ദ്വീപിൽ വർഷങ്ങളോളം ഏകാകിയായി കഴിയുന്നു. സ്വന്തം കൃഷിയിടവും പാർപ്പിടവും കലണ്ടറുമെല്ലാം അയാൾ ഉണ്ടാക്കി. ഒരിക്കൽ വൻകരയിലെ തദ്ദേശരായ നരഭോജികൾ കൊല്ലാൻ കൊണ്ടുവന്ന ഒരു തടവുകാരനെ ക്രൂസോ രക്ഷിച്ചു. ഫ്രൈഡേ എന്നാണ് ക്രൂസോ അവന് പേര് നൽകിയത്. ഫ്രൈഡെയെ ക്രൂസോ അടിമയാക്കി. ഇംഗ്ലീഷ് പഠിപ്പിച്ച് ക്രിസ്തുമതത്തിൽ ചേർത്തു. ഒടുവിൽ 28 വർഷത്തെ ഏകാന്തവാസത്തിനു ശേഷം ഫ്രൈഡയോടൊപ്പം ക്രൂസോ ഒരു ഇംഗ്ലീഷ് കപ്പലിൽ മാതൃരാജ്യത്തേക്ക് രക്ഷപെടുന്നു. റോബിൻസൺ ക്രൂസോയിലെ ഈ പ്രമേയം

വായനക്കാരിയായ എന്നെ ഒരുപാട് ആകർഷിക്കുകയും സ്വാധീനിക്കുകയും ചെയ്തു. ഒരുപാട് നിഗൂഢതകൾ നിറഞ്ഞതുകൊണ്ടുതന്നെ ശിശുഭാവനയെ കാന്തികശക്തിയോടെ റോബിൻസൺ ക്രൂസോ പിടികൂടും.

വിമാനങ്ങളൊ മറ്റ് യാത്രാ സൗകര്യങ്ങളോ ഇല്ലാതി

രുന്ന കാലത്ത് സമുദ്രത്തിലൂടെയുള്ള കപ്പൽ യാത്രകൾ ഭീകരമായൊരു മരണയാത്രയായിരുന്നു. അതിലെ യാത്രക്കാരുടെ ജീവന് ഒരു സുരക്ഷയുമില്ലാതിരുന്ന ആ യാത്ര ദുരിതപൂർണ്ണവുമായിരുന്നു. കഥാകൃത്ത്സൂചിപ്പിച്ചിട്ടുള്ള കപ്പൽ യാത്രകൾ എന്നിൽപ്രത്യേകമൊരു അനുഭൂതി സൃഷ്ടിച്ചു. ഭയമോ അത്ഭുതമോ എങ്ങനെയും അതിനെ വ്യാഖ്യാനിക്കാം.എന്നാൽ ഈ യാത്രികരുടെ സജ്ജീകണങ്ങൾക്കൊരു കുറവുമുണ്ടായിരുന്നില്ല. പുകയിലയും മദ്യവും ഭക്ഷ്യസാധനങ്ങളും തുടങ്ങി, വെടിമരുന്നും തോക്കും ബൈബിളും എന്തിനധികം തോണികളടക്കമുള്ള അവരുടെ സജ്ജീകരണങ്ങൾ അത്ഭുതകരമായിരുന്നു.

ദ്വീപിലെത്തിയ ക്രൂസോയെ സഹായിക്കുന്നതും ഈ സജ്ജീകരണങ്ങൾ തന്നെയാണ്. വിജനമായ ഒരു ദ്വീപിൽ ഒറ്റപ്പെട്ട ക്രൂസോ തുടർന്നുള്ള 28 വർഷം അവിടെ പട്ടണികിടക്കാതിരുന്നത് തകർന്ന കപ്പലിൽ നിന്നു ലഭിച്ച ആയുധങ്ങളും ധാന്യങ്ങളും മറ്റ് വസ്തുക്കളും കൊണ്ടാണ്. എങ്കിലും അതിൽ നിന്നു ലഭിച്ച സ്വർണ്ണവും വെള്ളിയുമായ നാണയങ്ങൾ ക്രൂസോയുടെ ദ്വീപിലെ 28 വർഷക്കാലവും ഉപയോഗ്യശൂന്യമായ ഒരു പാഴ്വസ്തുവായിരുന്നു. നാം ഇന്ന് പലതും ചെയ്യുന്നത് അതിനോടുള്ള ആർത്തിമൂലമാണ്. എന്നാൽ അതിനേക്കാൾ വിലപിടിപ്പുള്ള മറ്റുപലതും ഈ ലോകത്തുണ്ടെന്ന് എനിക്ക് ഇതിലൂടെ മനസ്സിലാക്കാൻ സാധിച്ചു. കഥാകൃത്തിന് എന്നെ അത് മനസ്സിലാക്കിക്കാൻ കഴിഞ്ഞു.

ക്രൂസോയുടെ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ എന്നെനിക്ക് സങ്കൽപ്പിക്കാൻ പോലും പ്രയാസമായിരുന്നു. ക്രൂസോ ദ്വീപിലെത്തിയതിനുശേഷമുള്ള നിഗൂഢതകൾ തുടർന്നുവായിക്കാൻ എന്നെ പ്രേരിപ്പിച്ചു. തൻെറ പക്കലുള്ള വസ്തുക്കളും ദ്വീപിലെ മരങ്ങളും മറ്റും ഉപയോഗിച്ചുകൊണ്ട് ഘട്ടം ഘട്ടമായി തനിക്കായി ഒരു മനോഹരമായ വാസസ്ഥലവും തീയതികളും ദിവസങ്ങളും തൻെ ജീവിതത്തിൽ നിന്നും നഷ്ടമാകാതിരിക്കാനായി ഒരു ളുൺ കലണ്ടറും ക്രൂസോ നിർമ്മിക്കുകയാണ്. താൻ അവിടെ ഒറ്റപ്പെട്ടിട്ടും തുടർന്ന് ജീവിക്കണമെന്നുള്ള അയാളുടെ മനക്കരുത്ത് എനിക്ക് ഒരു പ്രചോദനമായി തോന്നി. അങ്ങനെ വാസസ്ഥലത്തു നിന്നു തുടങ്ങി തനിക്കായി ഒരു മേശയും കസേരയും കൂടിവേണമെന്ന ആഗ്രഹത്താൽ അതിനായുള്ള പ്രയത്നം ആരംഭിക്കുകയും കഠിനപ്രയത്നത്തിൻെ ഫലമായി തൻെറ ലക്ഷ്യം അവൻ നേടുകയും ചെയ്തു. ക്രൂസോയുടെ കഠിനാധ്വാനവും ക്ഷമയും എനിക്ക് ഒരുപാട് ഇഷ്ടമായി. ഇത്തരം മനോഭാവമുണ്ടെങ്കിൽ എന്തും സാധിക്കുമെന്ന തിരിച്ചറിവും എന്നിൽ മുളപൊട്ടി.

അത്തരത്തിൽ കപ്പലിൽ നിന്നു ലഭിച്ച നെല്ലും ബാർലിയും കൃഷിചെയ്യുകയും ആട്ടിറച്ചിയും ആമയിറച്ചിയും ആമമുട്ടയുമൊക്കെ കഴിക്കുന്ന കൂട്ടത്തിൽ അവ കൂടി ഉൾപ്പെടുത്തി തൻെറ ഭക്ഷണക്രമം വിപുലമാക്കുകയും ചെയ്യുകയാണ് ക്രൂസോ. മാത്രമല്ല ആടുകളെ ഇണക്കിവളർത്തി ഒരു വലീയ ആട് ഫാമായി മാറുന്നതരത്തിലേക്ക് കൊണ്ടെത്തിക്കുക

യാണ് അവൻ. അങ്ങനെ തൻെ ജീവിതം സന്തോഷകരമായും സുഖകരമായും അയാൾ മുന്നോട്ട് നീക്കി. ക്രൂസോയുടെ ഇത്തരത്തിലുള്ള ഓരോ പ്രയത്നവും ഞാൻ ഒരുപാട് ആസ്വദിച്ചു.

നോവലിസ്റ്റ് ഇതിൽ പ്രതിപതിക്കുന്ന ഒരു ജനവിഭാഗമാണ് വൻകരയിലെ തദ്ദേശികരായ നരഭോജികൾ. അത്ഭുത ദ്വീപ് സിനിമയിൽ മാത്രമാണ് ഞാൻ അവരെ കുറിച്ച് അറിഞ്ഞിട്ടുള്ളത്. എന്നാൽ ഡിഫോ റോബിൻസൺ ക്രൂസോയിലൂടെ

അവരെക്കുറിച്ച് വ്യക്തമായും വിശദമായും എനിക്ക് മനസ്സിലായി. മനുഷ്യൻ മനുഷ്യനെ ഭക്ഷിക്കുന്നുവെന്ന വിശ്വസിനീയമായ കാര്യം എൻെറ മനസ്സിൽ ഒരു ധീരമായ അനുഭവം സൃഷ്ടിച്ചു. എന്നാൽ അവർ ഭക്ഷിക്കാനായി കൊണ്ടുവന്ന അടിമയാണ് ക്രൂസോയുടെ ഏറെ വർഷത്തെ ഏകാന്തതയിൽ നിന്നും അവനെ രക്ഷിക്കുന്നത്. ആ ഫ്രൈഡെയെ ക്രൂസോയ്ക്ക് കിട്ടിയത് ഒരു വെള്ളിയാഴ്ച്ചയാണ്. അതിൻെറ ഓർമ്മയ്ക്കാണ് ആ അടിമയ്ക്ക് അവൻ അങ്ങനെ പേരിട്ടത്. അത് വളരെ രസകരമായിരുന്നു.

മറ്റെന്തിലുമുപരി എന്നെ ഏറെ വിസ്മയിപ്പിച്ചത് കഥാകൃത്തിൻെറ ഞാൻ എന്ന പ്രയോഗമാണ്. മറ്റൊരാളുടെ കഥ പറയുന്നതിനു പകരം ഡിഫോ സ്വയം ക്രൂസോയായി മാറി തൻെറ സ്വന്തം അനുഭവങ്ങൾ പങ്കുവയ്ക്കുന്ന തരത്തിലാണ് അദ്ദേഹം ഈ കഥ വർണിച്ചിട്ടുള്ളത്. അനുഭവക്കുറിപ്പായും കഥയായും വിവിധഭാവനയിൽ ഉൾകൊള്ളാൻ കഴിയുന്ന തരത്തിലേക്ക് റോബിൻസൺ ക്രൂസോയെ രസകരമാക്കുന്നു. ഞാൻ എന്ന പ്രയോഗം ഈ കഥ യഥാർത്ഥത്തിൽ സാഭവിച്ചു എന്ന് തോന്നിപ്പിക്കുന്ന തരത്തിൽ അവസാനം വരെ വായനക്കാരെ മുൾമുനയിൽ നിർത്തുന്നു. അങ്ങനെ ഫ്രൈഡെയുമായുള്ള 14 കുറച്ചുകാലത്തെ ജീവിതത്തിനു ശേഷം മറ്റ് നാവികരുടെ സഹായത്തോടെ മഴ ദിവസത്തെ ദ്വീപുവാസത്തിനുശേഷം ക്രൂസോ അവിടെ നിന്ന് മോചിതനാകുന്നതാണ് കഥയുടെ അവസാനം.

ഇരുപത്തൊന്നാം നൂറ്റാണ്ടിലും റോബിൻസൺ ക്രൂസോ വായനക്കാരുടെ മനസ്സിൽ ഇത്രയധികം സ്പർശിക്കുന്നതിനാൽ തന്നെഏകദേശം മുന്നൂറിൽപരം വർഷങ്ങൾ ക്കുമൻപ് ഈ കഥയെ സാഹിത്യലോകത്തിന് സമ്മാനിച്ച ഡാനിയൽ ഡിഫോ ഒരസാധാരണ പ്രതിഭയെന്നത് നിസംശയം പറയാം. അദ്ദേഹത്തിൻെറ ക്രൂസോയെക്കുറിച്ച് കൂടുതൽ അറിയാൻ എനിക്ക് ആഗ്രഹമുണ്ട്. ഇത്തരത്തിൽ വായനയുടെ അനന്തമായ സാഗരത്തിലേക്ക് എന്നെ അടുപ്പിക്കാൻ ഡിഫോയുടെ റോബിൻസൺ ക്രൂസോയ്ക്ക് കഴിഞ്ഞു. ടെലിവിഷൻ കാഴ്ചകളിൽ നിന്ന് അകലാനും

വായനയിൽ നിന്നുമുള്ള അറിവിന്റെ വെളിച്ചത്തിലേക്ക് അൽപ്പമെങ്കിലും അടുക്കാനും റോബിൻസൺ ക്രൂസോ ഒരു നിമിത്തമായി. എന്നെ അത് വായനയുടെ പ്രാധാന്യത്തെക്കുറിച്ചും വായിക്കുമ്പോൾ ഉണ്ടാകുന്ന അസുലഭമായ അനുഭൂതിയെക്കുറിച്ചും തിരിച്ചറിയാൻ സഹായിച്ചു. ഇത്തരത്തിലുള്ള പുസ്തകങ്ങളെ ഞാൻ കാത്തിരിക്കുന്നു.

സീതാ ലക്ഷ്മി 9A15

# സ്നേഹത്തിൻ നിറകുടം

മുത്തശ്ശിയുടെ കഥ അവനെ ഉറക്കികളഞ്ഞു. സ്വപ്നങ്ങളുടെ ലോകത്തേക്ക് മുത്തശ്ശിയുടെ ചൂട്പറ്റിയുള്ള ഉറക്കം അവൻെറ അമ്മയ്ക്ക് ഇഷ്ടപ്പെട്ടില്ല.

'ഉണ്ണീ...ഉണ്ണീ... ഇങ്ങോട്ട് എണീറ്റ് വാടാ അവൻ കിടക്കുന്നു. നാണമില്ലേ"

'മോളെ അവൻ കിടക്കട്ടെ രാവിലെ എണീക്കേണ്ടതല്ലേ'

മുത്തശ്ശി കേണു

'വേണ്ട എന്റെ മകൻ ഞാൻ പറയുന്നത് അനുസരിച്ചാൽമതി. നിങ്ങൾ ആ മൂലയ്ക്ക് ഇരുന്നാമതി. തിന്നാൻ തരുന്നതും പോര എന്നിട്ടെന്നെ ഭരിക്കാനും വരുന്നോ ഹും'

ദേഷ്യത്തോടെ അമ്മ പറഞ്ഞു.

ഉണ്ണി പഠിത്തത്തെ കീഴപ്പെടുത്തുന്നതുപോലെ മുത്തശ്ശിയെ വാർദ്ധക്യം കീഴ്പ്പെടുത്തി. പെറ്റമകൻ പോലും തള്ളികളഞ്ഞു. മുത്തശ്ശി പെരുവഴിയിലാണെന്ന തോന്നൽ.

അങ്ങനെ ഉണ്ണിവളർന്ന് വലിയ ഉദ്യോഗസ്ഥനായി. അവൻ അവന്റെ കുടുംബത്തോട് ചെയ്യേണ്ട കടമകൾ നിറവേറ്റി. അവൻെറ അമ്മയ്ക്ക് സ്നഹത്തിൻെറ എല്ലാ ഭാഗങ്ങളും മനസ്സിലാക്കികൊടുത്തു. അവൻെറ മുത്തശ്ശിയെ നന്നായിസ്നേഹിക്കുകയും തെറ്റിധാരണകൾ മാറ്റുകയും ചെയ്തു.

**സേതുലക്ഷ്മി 8B**

# കവിത: അമ്മ

അമ്മേ നീ സത്യമാണ്

നീ നിത്യവുമാണ്, പുണ്യവുമാണ്

നിന്നിൽ നിന്നും പിറന്ന ഒരു-

മാംസപിണ്ഡമാണു ഞാൻ .

ആദ്യത്തെ ചൊല്ലും നീയാണ്

ആദ്യത്തെ സ്നേഹവും നീയാണ്

അറിയാതെ നോവിച്ചുപോയെൻ

കരളാൽ മാപ്പുതരേണ്ടവൾ

നീ തന്നെ... വയ്യമ്മേ.....

ഈ ഭുവിൻ മാറിൽ ശാപവഴി-

കൾ കേട്ടുമയങ്ങുവാൻ

മരണമാശ്രയം മറ്റൊന്നുമില്ലാതെ

സേതുലക്ഷ്മി 8B

# കിറ്റ് ഇന്ത്യാ സമരം

ബ്രിട്ടീഷ് ഭരണത്തിനെതിരായി ഇന്ത്യയിലുണ്ടായ പ്രധാനപ്പെട്ട ബഹുജനസമരമാണ് കിറ്റിന്ത്യാ സമരം. 1942 ആഗസ്റ്റ് 8-ന് ബോംബയിൽ നടന്ന അഖിലേന്ത്യാ കോൺഗ്രസ് സമ്മേളനത്തിലാണ് കിറ്റ് ഇന്ത്യാ സമരം പ്രഖ്യാപിച്ചത്. എല്ലാ അധികാരവും ഇന്ത്യക്കാർക്ക് കൈമാറി ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. ഗാന്ധിജി തൻെറ പ്രസംഗത്തിൽ ഇപ്രകാരം ആഹ്വാനം ചെയ്തു. 'സ്വാതന്ത്ര്യത്തിൽ കുറഞ്ഞ യാതൊന്നും വേണ്ട, ഇതാ ഒരു മന്ത്രം , കൊച്ചു മന്ത്രം ഞാൻ നിങ്ങൾക്കുതരുന്നു. അത് നിങ്ങളുടെ ഹൃദയത്തിൽ പതിപ്പിക്കണം. നിങ്ങളുടെ ഓരോ ശ്വാസവും അതിന് ആവിഷ്കാരം നൽകണം. ആ മന്ത്രം ഇതാണ് പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക. നാം ഇന്ത്യയെ സ്വതന്ത്രമാക്കും അല്ലെങ്കിൽ മരിക്കും.'

കോൺഗ്രസിലെ ഒട്ടുമിക്ക നേതാക്കളെയും അറസ്റ്റ് ചെയ്തു. പൂനയിലെ ആഗാഖാൻ കൊട്ടാരത്തിലെ ജയിലിലാണ് ഗാന്ധിജിയേയും ഭാര്യ കസ്തൂർബയെയും പാർപ്പിച്ചത്. ജയിൽ വാസത്തിനിടയിൽ 1944 ഫെബ്രുവരി 22 ന് കസ്തൂർബാഗാന്ധി മരിച്ചു. ജയിൽ വളപ്പിൽ തന്നെ ശവം സംസ്കരിച്ചു. ഒളിവിൽ കഴിഞ്ഞുകൊണ്ട് അരുണാ ആസഫ് അലി, ജയപ്രകാശ് നാരായൻ തുടങ്ങിയവർ നേതൃത്വം നൽകി. അരുണാ ആസഫ് അലിയെ കിറ്റ് ഇന്ത്യാ സമരനായിക എന്ന് ഗാന്ധിജി വിശേഷിപ്പിച്ചു.

നേതാക്കളുടെ അറസ്റ്റിൽ പ്രതിഷേധിച്ചു

കൊണ്ട് നാടൊട്ടുക്കും പ്രകടനം, ഹർത്താലുകൾ, കരിദിനം മുതലായവ നടന്നു. പ്രതിഷേധം ക്രമേണ കലാപങ്ങളായിമാറി. റെയിൽവെ സ്റ്റേഷനുകൾ നശിപ്പിച്ചു.

തീവണ്ടികൾ കത്തിച്ചു. സർക്കാരാഫീസുകൾ ചുട്ടുചാമ്പലാക്കി. വാർത്താവിനിമയ ബന്ധങ്ങൾ തകരാറിലാക്കി. തൊഴിലാളികൾ ഫാക്ടറികൾ വിട്ടിറങ്ങി. വിദ്യാർത്ഥികൾ ക്ലാസുകൾ ബഹിഷ്കരിച്ചു. ബ്രിട്ടീഷ് ഗവൺമെൻറ്റ് അതിക്രൂരമായി അമർച്ച ചെയ്തു.

1942 ആഗസ്റ്റ് 9 ന് ഹർത്താൽ ആചരിച്ചു കൊണ്ടാണ് ക്വിറ്റ് ഇന്ത്യാ സമരം ആരംഭിച്ചത്. ഇതിൽ പങ്കെടുത്ത എം.പി. നാരായണ മേനോൻ, കെ കേളപ്പൻ, ഇ മൊയ്തു മൗലവി, എ.വി കുട്ടിമാളുവമ്മ തുടങ്ങിയവരെ അറസ്റ്റുചെയ്തു. ആഗസ്റ്റ്

9'ക്വിറ്റ് ഇന്ത്യാ ദിന' മായി ആചരിച്ചുവരുന്നു.

കീർത്തന 8B

# സൗഹൃദം

സൗഹൃദമെന്നൊരു സൗമ്യവികാരം

ഒരുവൻ അപരനു തണലാവും

ഇരുളിൻമറവിൽ വഴിതെറ്റുമ്പോൾ

നേർവഴികാട്ടാൻ അവനെത്തും

വീടിന്നുയരം മതിലുകെട്ടി

അയൽബന്ധത്തിനു താഴിട്ടു

ഓർക്കുക, നിങ്ങൾക്കാപത്തെത്തും നേരം

തുണയാകുന്നവരിവരാകാം

# തുഴ

ആലോലമാടിയങ്ങലമാല തുള്ളുമ്പോൾ

തിരിയുന്നൊരോളപ്പരപ്പിലൂടെ

ഇനിയെത്രജൻമങ്ങളുണ്ടെങ്ങിങ്കിലും

നമ്മൾ ഇതുപോലെ മെല്ലെ തുഴഞ്ഞുപോകും

# പെണ്ണ്

ഉരുകുന്ന വെണ്ണയാണവൾ

പടരും മുല്ലവള്ളിപോലെ

സ്നേഹത്തിൻെറ കടലാണവൾ

വിടർന്നാൽ വസന്തം പോലെ

കരഞ്ഞാൽ പേമാരി പോലെ

കോപിച്ചാൽ ദുർഗ്ഗയെ പോലെ

# നാണം

ഓന്തിനു നാണം വരുന്നുണ്ട്

കൊച്ചുകുട്ടികളെ കണ്ടപ്പോൾപോലും

നിറംമാറിയ ചില മനുഷ്യരുടെ

കണ്ണിനെയോർത്ത്

സമ്പാദനം: അനന്ദ ശിവ 8B

# ഉപന്യാസം: ഈ പ്രകൃതിയും നാമും

ഈ പ്രകൃതിയും നാമും.... ചിലപ്പോൾ പ്രകൃതിക്കുമേൽ കടന്നുകയറുമ്പോൾ നമ്മളെ നാം തന്നെ മറക്കുന്നു.നാം പരിസ്ഥിതിദിനം, ഭൗമദിനം, ഓസോൺദിനം, വനസംരക്ഷണദിനം എന്നിങ്ങനെ ആചരിക്കാറുണ്ട്. ഇവയൊക്കെ ആചരിക്കേണ്ടതും സംരക്ഷിക്കേണ്ടതും നമ്മുടെ കർത്തവ്യമാണ്.മനുഷ്യരുടെ നിലനിൽപ്പിന് അനിവാര്യമായ ഒന്നാണിത്. അവയെ നമ്മൾ ഫലപ്രദമായി കാണുന്നില്ല. കാണുന്നുണ്ടെങ്കിൽ അവയുടെ പ്രസക്തി ഇതിനകം വർദ്ധിക്കുമായിരുന്നു. അല്ലെങ്കിൽ ഭൂമിക്ക്ഭീഷണിയാണ്. നമ്മുടെ നിലനിൽ പ്പിന് പ്രകൃതി വിഭവങ്ങൾ അനിവാര്യമാണ്. നമുക്കുവേണ്ടി അത് സംരക്ഷിക്കേണ്ടതുണ്ട്. എന്നാൽ നഗരവികസനം മൂലം വനങ്ങളെ നശിപ്പിക്കുന്നവെന്നതാണ് സത്യാവസ്ഥ.

കുടിവെള്ളം ഇപ്പോൾ അപൂർവ്വ വസ്തുവായി മാറുന്നു. ജലവിതാനം കുറയുമ്പോൾ ഭൂഗർഭജലത്തിൽ ഉപ്പ് കലരുന്നു. ഇത് കൃഷിയെ ദോഷകരമായി ബാധിക്കുന്നു.

ജീവനുള്ള ആവാസവ്യവസ്ഥയ്ക്ക് അപകടകരമായി ബാധിക്കുന്നു. പുതിയ വികസന പദ്ധതികൾ കാരണമാണ് ഇങ്ങനെ സംഭവിക്കുന്നത്.വികസനം ആർക്കും തന്നെ മറക്കാൻ കഴിയുന്നില്ല.

മൃഗങ്ങളും സസ്യങ്ങളും വനത്തിൽ തന്നെയാണുള്ളത്. ആവശ്യത്തിനല്ലാതെ അനാവശ്യത്തിന് വനനശീകരണം നടത്തുമ്പോൾ ഓരോ വർഗത്തിൽപ്പെട്ട ജീവജാലങ്ങളുടെയും ജീവന് ഭീഷണിയാകുന്നു. മിക്കവയുടെയും വംശനാശത്തിനിടയാകുന്നു. വംശനാശം വന്ന വർഗ്ഗങ്ങളുടെ എണ്ണത്തെയോ വംശനാശത്തിൻെറ വേഗതയെപ്പറ്റിയോ വ്യത്യസ്ത അഭിപ്രയങ്ങളുണ്ടാകും.


നാം പ്രകൃതിയെ നശിപ്പിക്കുന്നതുമാത്രമല്ല കാര്യം. അതിൽ നാം പ്രകടിപ്പിക്കുന്ന തീവ്രതയും കൂടുതലാണ്. മരങ്ങൾ നടത്തുന്ന പ്രകാശസംശ്ലേഷണപ്രക്രിയ ഇല്ലാതാകുന്നു. അവ നമുക്ക് തരുന്ന ഓക്സിജൻ ഇല്ലാതാകുന്നു. പഴയകാലത്ത് മനുഷ്യൻ പ്രകൃതിയുമായി

അങ്ങേയറ്റം ഒത്തൊരുമയോടെയാണ് പ്രവർത്തിച്ചിരുന്നത്. ആ ബന്ധത്തെ ആശ്രയിച്ചായിരുന്നു അയാളുടെ നിലനിൽപ്പെന്ന ബോധമുണ്ടായിരുന്നു.ഇന്ന് മനുഷ്യൻ പ്രകൃതിൽ നിന്ന് അകന്നുപോയിരിക്കുന്നു. ഈ സ്ഥിതി തുടർന്നാൽ മനുഷ്യരാശിക്ക് വൻ ദുരന്തമായിരിക്കും. അതുകൊണ്ട് അടിയന്തിരമായ പരിഹാരം കാണേണ്ടതുണ്ട്.


ലോകത്തിൽ ഏത് വേദികളിലും നടത്തുന്ന പ്രതിജ്ഞകൾ ഉദ്ദേശിച്ച ലക്ഷ്യം കണ്ടിട്ടില്ല. ഇവയ്ക്ക് അതിനെതിരായ ഫലങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. എന്നാൽ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള നല്ല ബന്ധം മനസിലാക്കേണ്ടതുണ്ട്. നമുക്ക് പ്രകൃതിയെയും കാണാനാവില്ല.അതുകൊണ്ട് ഇനിമുതൽ പ്രകൃതിയെ സംരക്ഷിക്കണം

**അവന്തിക.എം**


ശരത്ത്. എ
Std: IX
Roll No - 36



By Vishnu Nath


Aswinc


by Anoop-N

സംസ്ഥാനതല വിദ്യാരംഗം കലാസാഹിത്യവേദി

സർഗോത്സവത്തിൽ "അഭിനയത്തിൽ" പങ്കെടുത്ത മികവ്

തെളിയിച്ച സീതാലക്ഷ്മി



# നന്ദി ..........